## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3878

25.06.2013 ൽ മറുപടിക്ക്

# അക്ഷയകേന്ദ്രങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി . ഗീതാ ഗോപി. | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ 1975 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ നടത്തുന്ന സംരംഭകർക്ക് ഓരോ സെന്ററിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കണക്കിലെടുത്തു ആവശ്യമായ ജീവനക്കാരെ നിയോഗിക്കാവുന്നതാണ്. |
| (സി) | വില്ലേജ് ഓഫീസുകളിൽ നിന്നുള്ള വിവിധ സാക്ഷ്യപത്രങ്ങൾ, ആധാർ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിൽ നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ, പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ ? | (സി) | അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി അവർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സേവനങ്ങൾ വഴി അക്ഷയ സംരംഭകരുടെ വരുമാനം വർദ്ധിച്ചതിനാൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. FREES സോഫ്റ്റ് വെയർ മുഖേന ഇപ്പോൾ അക്ഷയ കേന്ദ്രങ്ങൾക്ക് വളരെ വേഗത്തിൽ വിവിധ വകുപ്പുകളുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.